**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്- നഗരകാര്യം- തിരുവനന്തപുരം നഗരസഭയിലെ റവന്യൂ ഓഫീസർ ഗ്രേഡ് 2 തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീമതി.ഡി.സുമതി -പലിശരഹിത മെഡിക്കൽ അഡ്വാൻസ് അനുവദിക്കുന്നതിന് നൽകി -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധ) നം. 647/ 2019/ തസ്വഭവ. തീയതി, തിരുവനന്തപുരം, 18.03.2019

പരാമർശം : നഗരകാര്യ ഡയറക്ടറുടെ 16.02.2019 തിയതിയിലെ ഡിസി1- 377/ 19 നമ്പർ കത്ത്.

**ഉത്തരവ്**

തിരുവനന്തപുരം നഗരസഭയിൽ റവന്യൂ ഓഫീസർ ഗ്രേഡ് 2 തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീമതി.ഡി.സുമതിക്ക് തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ ഹൃദയസംബന്ധമായ ചികിത്സയ്ക്കായി 2,00,000/- രൂപ ( രണ്ട് ലക്ഷം രൂപ മാത്രം) പലിശരഹിതമെഡിക്കൽ അഡ്വാൻസ് അനുവദിക്കുന്നതിനായി സമർപ്പിച്ച അപേക്ഷ. മെഡിക്കൽസർട്ടിഫിക്കറ്റ്,കൗൺസിൽ തീരുമാനം എന്നിവ സഹിതം അനന്തരനടപടികൾക്കായി നഗരകാര്യഡയറക്ടർ പരാമർശം കത്ത് പ്രകാരം സമർപ്പിച്ചിരുന്നു .

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അതിൻപ്രകാരം നഗരസഭാ കൗൺസിലിന്റെയും, നഗരകാര്യ ഡയറക്ടറുടെയും ശുപാർശയുടെ അടിസ്ഥാനത്തിൽ ശ്രീമതി. ഡി.സുമതിക്ക് തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ ഹൃദയസംബന്ധമായ ചികിത്സയ്ക്കായി (പേസ് മേക്കർ ഘടിപ്പിക്കുന്നതിന്) 2,00,000/- രൂപ (രണ്ട് ലക്ഷം രൂപ മാത്രം) പലിശരഹിതമെഡിക്കൽഅഡ്വാൻസ്, നഗരസഭാ തനതുഫണ്ടിൽ നിന്നും ഇപ്രകാരം മുൻകൂറായി അനുവദിക്കുന്ന തുക സമയപരിധിക്കുള്ളിൽ തന്നെ മെഡിക്കൽ റീ ഇമ്പേഴ്സ്മെന്റ് ക്ലെയിമിൽ അഡ്ജസ്റ്റ് ചെയ്യണമെന്നും, ചെലവഴിക്കാത്ത തുകയുണ്ടെങ്കിൽ തിരിച്ചടയ്ക്കണമെന്നുമുള്ള വ്യവസ്ഥയിലും കെ.ജി എസ് എം.എ.റൂളിനും മറ്റ് അനുബന്ധ ഉത്തരവുകളിലെ നിബന്ധനകളുടെയും അടിസ്ഥാനത്തിൽ, അനുവദിച്ചുനല്കുന്നതിനു നഗരകാര്യ ഡയറക്ടർക്കു അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

**എസ് മോഹൻദാസ്**
അഡിഷണൽ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ശ്രീമതി.ഡി.സുമതി, റവന്യൂ ഇൻസ്പെക്ടർ ഗ്രേഡ് 2 , തിരുവനന്തപുരം നഗരസഭ
(നഗരകാര്യ ഡയറക്ടർ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ